**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **07-10-2025 - ൽ മറുപടിയ്ക്ക്**

**തീയ്യ സമുദായത്തെ സംബന്ധിച്ച വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ തീയ്യ സമുദായ വിഭാഗത്തിൽപ്പെട്ട എത്ര ആളുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ജാതി തിരിച്ചുള്ള ജനസംഖ്യാ കണക്കെടുപ്പ് നടന്നിട്ടില്ലാത്തതിനാൽ കേരളത്തിലെ തീയ്യ സമുദായ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ജില്ല തിരിച്ചുള്ള ജനസംഖ്യ ലഭ്യമല്ല. |
| (ബി) | ഇവരെ ഒരു സമുദായമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ (OBC) പട്ടികയിൽ ക്രമ നമ്പർ 16 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീയ്യ വിഭാഗത്തെ ഈഴവ / ബില്ലവ എന്നീ വിഭാഗങ്ങൾക്കൊപ്പം പരിഗണിച്ചാണ് ഉദ്യോഗ-വിദ്യാഭ്യാസ സംവരണം നൽകി വരുന്നത്. 1958 കേരള സംസ്ഥാന സേവന ചട്ടങ്ങൾ നിലവിൽ വന്നത് മുതൽ ഈഴവ തീയ്യ എന്നത് ഒറ്റ എൻട്രി ആയിട്ടാണ് ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) | കാലങ്ങളായി തീയ്യരുടെ അനുഷ്ഠാന പാരമ്പര്യങ്ങളുമായി മുന്നോട്ട് പോകുന്ന ഈ വിഭാഗത്തെ സംസ്ഥാനത്ത് മറ്റേതെങ്കിലും സമുദായത്തിന്റെ ഉപജാതിയായി പരിഗണിച്ച് വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഈഴവ , തീയ്യ സമുദായത്തെ ഒരുമിച്ചാണ് ക്രമ നമ്പർ 16 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | മറ്റൊരു സമുദായത്തിന്റെ ഉപജാതിയായി കണക്കാക്കുന്നത് കാരണം തീയ്യ സമുദായത്തിൽപ്പെട്ട അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ പി. എസ്. സി. റാങ്ക് ലിസ്റ്റിലും ദേവസ്വം ബോർഡ് നിയമനങ്ങളിലും അവഗണിക്കപ്പെടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | തീയ്യ വിഭാഗത്തെ ഏതെങ്കിലും സമുദായത്തിന്റെ ഉപവിഭാഗമായല്ല സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | 1980 -ലെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലും 1966 -ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലും തീയ്യ വിഭാഗത്തെ പ്രത്യേക സമുദായമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന കാര്യം | (ഇ) | തീയ്യ സമുദായത്തെ ഏതെങ്കിലും വിഭാഗത്തിന്റെ ഉപവിഭാഗമായല്ല മറിച്ച് പ്രത്യേക സമുദായമായാണ് സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈഴവ വിഭാഗത്തെയും തീയ്യ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഈ വിഭാഗത്തെ ഒരു സമുദായമായി പരിഗണിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ? | | വിഭാഗത്തെയും ഒരേ എൻട്രി ആയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ